II ഇ.ബി. XIII കേരള നിയമസഭ/V-21

## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2012 ജൂലൈ 12, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

**69 (*631) ശബരി റെയിൽപ്പാത**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, അങ്കമാലി – ശബരി റെയിൽപ്പാതയ്ക്കായി 2011–12, 2012–13 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 83 കോടി രൂപയും 15 കോടി രൂപയും വകയിരുത്തിയതിൽ വിവിധയിനങ്ങളിലായി 48.12 കോടി രൂപയും 16.8 ലക്ഷം രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റിന് റെയിവേ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ തുടർചെലവുകൾക്കായി തുക വിനിയോഗിച്ചിട്ടില്ല. ശബരി റെയിൽപ്പാതയുടെ അലൈൻമെന്റ് കടന്നുപോകുന്ന നാല് ജില്ലകളിൽ എറണാകുളത്ത് മാത്രമാണ് സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നതെന്നും കോട്ടയം ജില്ലയിൽ നിലവിവുളള അലൈൻമെന്റിനെ സംബന്ധിച്ച് ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും എതിർപ്പിനെത്തുടർന്ന് സ്ഥലമെടുപ്പ്

നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്നും മന്ത്രി തുടർന്നറിയിച്ചു. അടങ്കൽ തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ പുതിയ നിബന്ധന ബാധകമാക്കരുതെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാരിന്റെ പരിഗണന യിലാണ്. ഈ നിബന്ധന സ്ഥലമെടുപ്പ് നടപടിയുടെ വേഗതയെ പ്രതികൂ ലമായി ബാധിച്ചിട്ടുണ്ട്. ഈ പാതയുടെ ചെമ്മനമറ്റം മുതലുള്ള അലൈൻമെന്റിൽ മാറ്റം വരുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണന യിലാണ്. അലൈൻമെന്റ് ഫിക്സ് ചെയ്ത എറണാകുളം മേഖലയിലെ 70 ഹെക്ടറോളം സ്ഥലത്തിനായി അനുവദിച്ച 152.07 കോടി രൂപ അടിയന്തി രമായി വിതരണം ചെയ്യണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 15–01–2008–ൽ ഫാസ്റ്റ്ട്രാക്കിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് ഏറ്റെടുത്ത 16 ഹെക്ടറോളം ഭൂമിക്ക് 28/8/2009–ലെ തീരുമാനമനുസരിച്ച് വർദ്ധിപ്പിച്ച നഷ്ട പരിഹാരത്തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഈ റെയിൽപ്പാത എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

70 (*632) <u>കെ.എസ്.ഐ.ഡി.സി.–യുടെ പ്രവർത്തനങ്ങൾ</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, എമർജിംഗ് കേരള 2012, സപ്ലി മെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ, ചവറയിലെ ടൈറ്റാനിയം സ്പോഞ്ച് പ്രോജക്ട്, കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക്, തിരുവന ന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, നാദാപുരത്തെ മെഡിസിനൽ ഹെൽത്ത് കെയർ പാർക്ക്, ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്ക്, മറൈൻ

ബയോടെക്നോളജി പാർക്ക്, പ്രിന്റഡ് ഇലക്ട്രോണിക്സ് ഹബ്ബ്, കൊച്ചി–പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺ, ചീമേനിയിലെ വൈദ്യുതിനിലയം, കൊച്ചിയിലെ ഓഷ്യനേറിയം സീപ്ലെയിൻ/പെട്രോളിയം കെമിക്കൽസ് & പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ പദ്ധതികൾ എന്നിവ നടപ്പാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) മുൻകൈയെടുത്തുവരുന്നുവെന്ന് സഭയെ അറിയിച്ചു. ഗെയിൽ ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസുമായി ചേർന്ന് സംയുക്ത സംരംഭമായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇരുമ്പയിര് ഖനനത്തിനും ഉരുക്കു നിർമ്മാണശാല സ്ഥാപിക്കുന്നതിനുമുള്ള സാദ്ധ്യതകൾ ആരായുന്നതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കെ.ഐ.ഒ.സി.എൽ.–ഉംമായും അടിസ്ഥാന സൗകര്യവികസനത്തിന് വായ്പ അനുവദിക്കുന്നതിനുവേണ്ടി ഹഡ്കോയുമായും കെ.എസ്.ഐ.ഡി.സി. ധാരണാ പത്രങ്ങളിൽ ഒപ്പുവെച്ചിട്ടുണ്ട്. അടച്ചുപൂട്ടിയ ചെറുകിട വ്യവസായ യൂണിറ്റുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. ചെറുകിട വ്യവസായ മേഖലയിൽ ക്ലസ്റ്റർ സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതാണ്. പാലക്കാട്–കൊച്ചി ഇൻഡസ്ട്രിയൽ കോറിഡോർ 'നിംസ്' എന്ന പേരിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ഥലം ലഭ്യമാകുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണെന്നും നഗരങ്ങളോട് ചേർന്നുള്ള സ്ഥലങ്ങൾ വ്യവസായ മേഖലയായി നോട്ടിഫൈ ചെയ്യേണ്ടതുണ്ടെന്നും കെ.എം.എം.എൽ., ഐ.ആർ.ഇ.–എന്നിവി

ടങ്ങളിലെ തൊഴിൽത്തർക്കങ്ങൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും ഇൻകെൽ–ന്റെ 100 ഏക്കർ സ്ഥലം വിദേശ ഭാഷ സർവ്വകലാശാലയ്ക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ടെന്നും ഷൊർണ്ണൂരിലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ പ്രതിസന്ധി പരിഹരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സീ പ്ലെയിൻ പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് പവൻഹാൻസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സ്വകാര്യ പങ്കാളിത്തം ഇതിന് ആവശ്യമാണെന്നും ടൂറിസം വകുപ്പ് 20 കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് നൽകിയിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് പട്ടിക ജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വ്യക്തമാക്കി.

71 (*633) <u>ഉണർവ് –2012</u>

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടയപ്പെട്ടതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്ത് സഹകരണ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്ന ആഡിറ്റ് സർട്ടിഫിക്കറ്റ് തയ്യാറാക്കുകയാണ് 'ഉണർവ്വ് 2012' എന്ന തീവ്രയത്ന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യമെന്ന് സഭയെ അറിയിച്ചു. 2012 മാർച്ച് 15 മുതൽ സെപ്റ്റംബർ 15 വരെ രണ്ട് ഘട്ടങ്ങളിലായാണ് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. സംഘം

ഭാരവാഹികളുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടി ആഡിറ്റ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ആഡിറ്റ് ഒബ്ജക്ഷനുകൾ സംബന്ധിച്ച് ധാരണയുണ്ടാക്കേണ്ടതാണെന്നും ഈടാക്കാൻ കഴിയുന്നതും ഈടാക്കാൻ നിവൃത്തിയില്ലാത്തിനാൽ നീക്കം ചെയ്യാവുന്നതും കൊടുത്തു തീർക്കാവുന്നതുമായ തുകകൾ തരംതിരിച്ച് പട്ടിക തയ്യാറാക്കണമെന്നും പൊതുയോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണെന്നുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലാ/സംസ്ഥാന തലത്തിൽ നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ അംഗീകാരം നൽകാൻ കഴിയാത്ത പ്രൊപ്പോസലുകൾ പരിശോധിച്ച് സംസ്ഥാനതല കമ്മിറ്റിയുടെ പരിഗണനയ്ക്കും തീർപ്പു കൽപ്പിക്കുന്നതിനായി രജിസ്ട്രാർക്കും സമർപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ നിയമം/ചട്ടം, സംഘം നിയമാവലി, രജിസ്ട്രാറുടെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായ ഇടപാടുകൾ ആഡിറ്റിൽ അംഗീകരിക്കാത്ത സാഹചര്യത്തിൽ അതിനു സമാനമായി കരുതലുകൾ വയ്ക്കുന്നത് സഹകരണ സ്ഥാപനങ്ങളുടെ നഷ്ടത്തിനിടയാക്കുന്നുണ്ടെന്നും വായ്പക്കാർക്ക് സഹായകരമാകുന്ന ‘ആശ്വാസ് 2012’ എന്ന പദ്ധതി ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ടെന്നും സഹകരണസംഘങ്ങളിലെ ബോർഡ് മെമ്പർമാർക്ക് പരിശീലനം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 631 മുതൽ 660 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6548 മുതൽ 6769 വരെയുള്ള ചോദ്യങ്ങളിൽ 132 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)